വഴിവെളിച്ചം

# ബന്ധങ്ങളുടെ ആർദ്രത

عَن أَنَس رَضِي اللَّهُ عَنهُ عَن النَّبِيِّ ﷺ قَالَ: لاَ يُؤْمِنُ أَحَدُكُم حَتّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ

**അനസി(റ)ൽനിന്ന്: നബി(സ) അരുളി: 'തനിക്കുണ്ടാകണമെന്ന് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടി ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിലാരും വിശ്വാസിയാവുകയില്ല.'** (ബുഖാരി)

**വിശ്വാസികൾ** തന്നേക്കാൾ തന്റെ സഹോദരന് മുൻഗണന നൽകണമെന്നും അതില്ലെങ്കിൽ ഈമാൻ അപൂർണമായിരിക്കുമെന്നും വ്യക്തമാക്കുന്ന തിരുവചനമാണിത്.

വെറുപ്പിൽനിന്നും വിദ്വേഷത്തിൽനിന്നും മുക്തമായ മനസ്സുള്ളവൻ എന്നതാണ് വിശ്വാസിയുടെ വിശേഷണം. ഏറ്റവും ഉൽകൃഷ്ടവും ഉന്നതവുമായ വിശേഷണമാണത്. അപ്പോൾ സ്വാഭാവികമായും താനിഷ്ടപ്പെടുന്നത്, തന്റെ സഹോദരന് വേണ്ടി ഇഷ്ടപ്പെടാതിരിക്കാനും തന്റെ ആവശ്യം നിർത്തിവെച്ചു തന്റെ സഹോദരന്റെ ആവശ്യം നിർവഹിച്ചു കൊടുക്കാതിരിക്കാനും അവന് സാധ്യമല്ലെന്നതാണ് സത്യം.

സർവ മനുഷ്യരിലും സ്നേഹ വിരുദ്ധമായ വികാരങ്ങളുണ്ടെന്നത് തർക്കമറ്റ കാര്യമാണ്. സ്വാർഥ ചിന്തയും സങ്കുചിതത്വവുമെല്ലാം അത്തരം ദുർഗുണങ്ങളാണ്. സാമൂഹിക ജീവിതത്തിന്റെ അടിത്തറകൾ തകർക്കുന്ന സ്വഭാവങ്ങളാണത്. ഈ ശപ്തവികാരങ്ങൾ വിശ്വാസികൾക്കിടയിൽ ഉണ്ടാവരുത്. ഈമാൻ ജ്വലിക്കുന്ന മനസ്സുകളിൽ പകയും വിദ്വേഷവും പാടില്ല.

അടിസ്ഥാന നന്മയുള്ളത് പരസ്പരമുള്ള നല്ല ബന്ധത്തിലാണെന്ന് വിവിധ ഹദീസുകളിൽ വന്നിട്ടുണ്ട്. പ്രവാചകൻ അരുളി: 'നിങ്ങൾ പരസ്പരം അസൂയ പുലർത്തരുത്. ഒരാൾ വില പറഞ്ഞതിന്റെ മീതെ മറ്റൊരാൾ വില പറയരുത്. പരസ്പരം വിദ്വേഷപ്പെടരുത്. പരസ്പരം ഛിദ്രിച്ചു പോകരുത്. നിങ്ങളെല്ലാം സൽപെരുമാറ്റത്തിലൂടെ അല്ലാഹുവിന്റെ ദാസന്മാരാവുക. ആരും മറ്റൊരാളെ നിന്ദിക്കുകയോ ദ്രോഹിക്കുകയോ ചെയ്യരുത്.' (മുസ്‌ലിം)

പരസ്പരമുള്ള ഗുണകാംക്ഷയുടെയും നല്ല ബന്ധത്തിന്റെയും കാര്യത്തിൽ വേണ്ടത്ര പ്രോത്സാഹനം പ്രവാചകൻ നൽകിയിട്ടുണ്ട്. തന്റെ സഹോദരനെ പുഞ്ചിരിയോടുകൂടി അഭിമുഖീകരിക്കുന്നത് പുണ്യമാണെന്ന തിരുവചനം ഉദാഹരണം.

മുഹാജിറുകളുടെയും അൻസ്വാറുകളുടെയും ഇടയിൽ പ്രവാചകൻ വളർത്തിയ നല്ല ബന്ധം ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. അബ്ദുർറഹ്മാനുബ്നു ഔഫ്(റ) തന്റെ അനുഭവം വിവരിക്കുന്നു: 'ഞാൻ മദീനയിലെത്തിയത് കൈയിലൊന്നുമില്ലാതെയാണ്. മാറിയ ചുറ്റുപാട്! ആരെയും പരിചയമില്ല. എങ്ങനെ നാളുകൾ നീക്കും? ഈ ആശങ്ക അധികനാൾ നീണ്ടുനിന്നില്ല. തിരുദൂതൻ എന്നെയും സഅ്ദി(റ)നെയും സഹോദരന്മാരായി നിശ്ചയിച്ചു. അദ്ദേഹം തുറന്ന ഹൃദയത്തോടെയാണ് എന്നെ സ്വീകരിച്ചത്! സഅ്ദ്(റ) പറഞ്ഞു: 'അൻസ്വാറുകളിൽ അതി സമ്പന്നനാണ് ഞാൻ.

സമ്പത്തിന്റെ പകുതി അങ്ങേയ്ക്ക് തരുന്നു. എന്റെ ഭാര്യമാരിൽ താങ്കൾക്കിഷ്ടപ്പെട്ടവളെ ഞാൻ വിവാഹ മോചനം ചെയ്യാം. ദീക്ഷാകാല ശേഷം താങ്കൾക്കവളെ വിവാഹം ചെയ്യാം.'

താനിഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടണമെന്ന തിരുവചനത്തിന്റെ സാക്ഷാൽക്കാരമാണിത്.

വിശ്വാസികൾ പരസ്പരം പ്രാർഥിക്കാൻ പ്രവാചകൻ പഠിപ്പിച്ച ഒരു പ്രാർഥന ഇങ്ങനെ: "അല്ലാഹുവേ, ഞങ്ങളുടെ ഹൃദയങ്ങളെ തമ്മിൽ കോർത്തിണക്കണമേ, ഞങ്ങൾക്കിടയിലെ ബന്ധം നീ നന്നാക്കണമേ." ■

**അബ്ദുൽജബ്ബാർ കൂരാരി**